**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 115 | 29.9.2011 -ൽ മറുപടിക്ക് |

## പോസ്റ്റ്മെട്രിക് സ്കോളർഷിപ്പിനുള്ള അർഹത.

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ.<br>ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി .<br>ശ്രീ.സി.മോയിൻകുട്ടി.<br>ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി . | ശ്രീ.പി.കെ.അബ്ദുറബ്ബ്,<br>(ബഹു. വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര സർക്കാർ നൽകുന്ന പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് ഓപ്പൺ സകൂൾവഴി യോഗ്യത നേടിയവർക്ക് ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) കേന്ദ്ര സർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതാണോ ഇവർക്ക് സ്കോളർഷിപ്പ് ലഭിക്കാതിരിക്കുന്നതിന്റെ കാരണം ; എങ്കിൽ ഇവരെ കൂടി ഉൾപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (ബി) കേന്ദ്ര സർക്കാർ നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടുത്താത്തതാണ് ഇവർക്ക് സ്കോളർഷിപ്പ് ലഭിക്കാതിരിയ്ക്കാനുള്ള കാരണം. ഓപ്പൺ സ്കൂളിൽ പഠിക്കുന്ന വിദ്യാർത്ഥികളെ ഉൾപ്പെടുത്താൻ ബന്ധപ്പെട്ട മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുവാൻ കഴിയുമോയെന്ന കാര്യം കേന്ദ്ര സർക്കാരിനോട് ആരാഞ്ഞശേഷം ആവശ്യമായ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് |
| (സി) സെപ്റ്റംബർ 15 -നകം അർഹരായ വിദ്യാർത്ഥികളുടെ ലിസ്റ്റ് കേന്ദ്രത്തിന് സമർപ്പിക്കണമെന്നിരിക്കെ ഇവർക്കായി പ്രത്യേക അപേക്ഷ സ്വീകരിക്കാൻ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തുമോ ; വിശദാംശങ്ങൾ നൽകുമോ ? | (സി) പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് അപേക്ഷിയ്ക്കേണ്ട അവസാന തീയതി ആഗസ്റ്റ് 31 ന് അവസാനിച്ചിട്ടുണ്ട്. ആയതിനാൽ ഓപ്പൺ സ്കൂൾ വഴി യോഗ്യത നേടിയവർക്ക് പ്രത്യേക സമയം അനുവദിക്കാൻ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിനുള്ള നടപടികൾ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.